# അദ്ധ്യായം - 13



*കൂടുതൽ സായിലീലകൾ -സുഖക്കേടുകൾ മാറ്റി - 1. ഭീമാജി പട്ടേൽ 2. ബാലഷിംപി - 3. ബാബുസാഹെബ് ഭൂട്ടി - 4. അലൻദി സ്വാമി - 5. കാക്കാ മഹാജനി - ഹർദ്ദയിലെ ദത്തോപാന്ത്.*

## മായയുടെ അചിന്ത്യശക്തി

ബാബയുടെ വാക്കുകൾ ഹ്രസ്വവും, ഋജുവും അർത്ഥവത്തും, അഗാധവും, സുശക്തവും കൃത്യവുമായിരുന്നു. ബാബ സദാ തൃപ്തനും ഒന്നിലും താൽപര്യമില്ലാത്ത ദേഹവുമായിരുന്നു. ബാബ പറയും ഞാൻ ഫക്കീറായിയെങ്കിലും ഭാര്യേയോ വീടോ ഇല്ലെങ്കിലും എല്ലാം പരിത്യജിച്ച് ഒരു സ്ഥലത്ത് ഇരിക്കയാണെങ്കിലും ഒഴിയാത്ത മായ എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. ഞാനെന്നെ മറന്നാലും മായയെ മറക്കാൻ കഴിയുന്നില്ല. അവളെപ്പോഴും എന്നെ ആവരണം ചെയ്യുന്നു. ഈ വിഷ്ണുമായ ബ്രഹ്മാവിനെയും മറ്റു ദേവന്മാരെയും വലയ്ക്കുന്നതാണ്. പിന്നെയാണോ എന്നെപ്പോലുള്ള ഒരു സാധു ഫക്കീറിനെ! ഭഗവാനിൽ അഭയം തേടുന്നവർക്ക് അവളുടെ പിടിയിൽ നിന്നും





മോചനം ലഭിക്കും. ഇത്തരത്തിലാണ് ബാബ മായയെപറ്റി പറഞ്ഞത്. ഉദ്ധവനോട് ശ്രീകൃഷ്ണൻ പറഞ്ഞു: ഋഷിമാർ എന്റെ ജീവിക്കുന്ന രൂപങ്ങളാണ്. ബാബ ഭക്തന്മാർക്കുവേണ്ടി പറഞ്ഞതെന്തെന്ന് നോക്കൂ. ഭാഗ്യവാന്മാരും ദൂർവ്വാസന ത്യജിച്ചവരും എന്റെ ആരാധനയിൽ വ്യാപൃതരാവുന്നു. നിങ്ങൾ സദാ സായി സായി എന്നു ജപിച്ചാൽ ഞാൻ സപ്തസാഗരങ്ങളും കടത്തിവിടാം. ഈ വാക്കുകളിൽ വിശ്വസിക്കുക! അതുകൊണ്ട നിങ്ങൾക്ക് നേട്ടമേ ഉണ്ടാവൂ എന്നെ ആരാധിക്കാൻ യാതൊരു ഒരുക്കങ്ങളും ആവശ്യില്ല. (8. കൂട്ടം 16 കൂട്ടം ഒരുക്കങ്ങൾ) എവിടെ പരിപൂർണ്ണ ഭക്തിയുണ്ടോ അവിടെ ഞാൻ വിശ്രമിക്കുന്നു. ഇനി സായിക്ക് അർപ്പിക്കപ്പെട്ടവർക്ക് സായി എന്തു ചെയ്തു എന്ന് വായിക്കുവിൻ.

## ഭീമാജിപട്ടീൽ

പൂനാ ഡിസ്ട്രിക്ടിൽ ജുംനാർ താലൂക്കിലെ നാരായണൻഗാവോൺ എന്ന സ്ഥലത്തെ ഭീമാജിപട്ടീൽ എന്നൊരാൾ 1908-ൽ കഠിനവും മാറാത്തതുമായ നെഞ്ചുവേദന അനുഭവിച്ചു. ഒടുവിൽ അത് ക്ഷയമായി മാറി പല ചികിത്സകളും ചെയ്തിട്ടും ഒരു ഭേദവുമുണ്ടായില്ല. എല്ലാ ആശയും നഷ്ടപ്പെട്ട് ദൈവത്തെ മാത്രം ഭജിക്കാൻ തുടങ്ങി. പ്രഭോ നാരായണാ! രക്ഷിക്കണെ എന്ന്. കാലം നന്നാവുമ്പോൾ ദൈവത്തെ ഓർമ്മിക്കില്ലെങ്കിലും കഷ്ടകാലത്ത് ദൈവത്തെ വിളിക്കൽ പതിവാണല്ലോ. അങ്ങനെ ഭീമാജി ഈശ്വരഭജനം തുടങ്ങി. അയാൾ ബാബാ ഭക്തനായ നാനാസാഹെബ് ചന്ദോർക്കറെ കണ്ടു. ഇതിനെപ്പറ്റി ചോദിക്കാൻ ആലോചിച്ചു. അങ്ങനെ സുഖക്കേടിന്റെ എല്ലാ വിവരവും ഉൾക്കൊള്ളിച്ച് ചന്ദോർക്കർക്ക് അയാൾ ഒരു കത്തെഴുതി, അഭിപ്രായം ആരാഞ്ഞു. അതിന്നു മറുപടിയായി ഇനി ബബയുടെ കാൽക്കൽ ശരണം പ്രാപിക്കലല്ലാതെ വേറെ വഴിയില്ലെന്ന്

എഴുത്തും കിട്ടി. നാനാസാഹെബിന്റെ നിർദ്ദേശാനുസരണം ഷിർദ്ദിക്ക് പോവാനൊരുങ്ങി. അയാളെ ഷിർദ്ദിക്ക് കൊണ്ടുവന്ന് എടുത്ത് ബാബയുടെ മുന്നിൽകൊണ്ടു വന്നു വെച്ചു. നാനാ സാഹെബും ശാമയും അന്നേരം അവിടെയുണ്ടായിരുന്നു. ബാബ അത് പൂർവ്വകർമ്മ ഫലമാണെന്ന് പറഞ്ഞ് ആദ്യം ഇടപെടാൻ വിസമ്മതിച്ചു. അപ്പോൾ രോഗി, നിരാശയോടെ മറ്റാരും ശരണ മില്ലെന്നും, ദയകാണിക്കണമെന്നും പറഞ്ഞ് കരയാൻ തുടങ്ങി. ബാബയുടെ ഹൃദയം അലിഞ്ഞു. നിൽക്കൂ നിരാശപ്പെടേണ്ട, നിന്റെ കഷ്ടം അവസാനിച്ചിരിക്കുന്നു. എത്രമാത്രം കഷ്ടത്തിലും കുഴപ്പത്തിലുമായാലും ഒരുത്തൻ ഈ മസ്ജിദിൽ കാലുവെച്ചാൽ പിന്നെ അവർ സന്തോഷത്തിലേക്ക് നീങ്ങുകയായി. ഇവിടുത്തെ ഫക്കീർ ദയാലുവാണ്. അദ്ദേഹം എല്ലാ സുഖക്കേടും മാറ്റി എല്ലാ വരേയും പ്രേമത്തോടും ദയയോടുംകൂടി സംരക്ഷിക്കും. എന്നു പറഞ്ഞു. അയ്യഞ്ചു മിനിട്ടു കൂടുമ്പോൾ രോഗി രക്തം ഛർദ്ദിച്ചി രുന്നു. പക്ഷെ ബാബയുടെ മുന്നിൽ അയാൾ ഛർദ്ദിച്ചില്ല. ബാബ ദയാദാക്ഷിണ്യത്തോടെ ഈ വാക്കുകൾ പറഞ്ഞതോടുകൂടി രോഗം താഴാൻ തുടങ്ങി. ബാബ അയാളോട് ഭീമാബായിയുടെ വീട്ടിൽ താമസിക്കാൻ പറഞ്ഞു. അത് സൗകര്യമോ ആരോഗ്യമോ ആയ വീടായിരുന്നില്ലെങ്കിലും ബാബയുടെ വാക്ക് അനുസരിച്ചേ തീരൂ. അയാൾ അവിടെ താമസിയ്ക്കെ രണ്ടു സ്വപ്നാനുഭവങ്ങ ളെക്കൊണ്ട് ബാബ അയാളുടെ സുഖക്കേട് മാറ്റി. ഒരു സ്വപ്ന ത്തിൽ അയാൾ ഒരു കുട്ടിയായിരിക്കെ ക്ലാസിൽ പാഠമാല ചൊല്ലാ ത്തതിന് അദ്ധ്യാപകന്റെ കയ്യിൽനിന്ന് കഠിനമായ ദണ്ഡനം കിട്ടി യതായി കണ്ടു. രണ്ടാമത്തെ സ്വപ്നത്തിൽ ആരോ ഒരാൾ ഭാര മേറിയ ഒരു കല്ല് നെഞ്ഞത്തിട്ടുരുട്ടി അതിയായ ദണ്ഡനം അനു ഭവിച്ചതായും കണ്ടു. ഈ രണ്ട് സ്വപ്നാനുഭവങ്ങളെക്കൊണ്ടു ണ്ടായ വേദനകൊണ്ട് അയാളുടെ സുഖക്കേട് മുഴുവൻ മാറി. അയാൾ ആരോഗ്യവാനായി വീട്ടിലേക്കു മടങ്ങി. അയാൾ കൂടേ

ക്കൂടെ ഷിർദ്ദിയിൽ വന്ന് ബാബയുടെ കൃത്യത്തെ സ്മരിച്ച് കൃതജ്ഞതാപൂർവ്വം ബാബയെ നമസ്കരിക്കും. മഹാരാഷ്ടയിൽ സാധാരണ ജനങ്ങൾ അവരവരുടെ വീട്ടിൽ രണ്ടാഴ്ചയോ മാസത്തിലൊരിക്കലൊ  സത്യനാരായണ പൂജ നടത്താറുണ്ട്. ഈ ഭീമാജിയാണ് പുതിയവിധം സായിസത്യവ്രത പൂജ സത്യനാരായണ പൂജക്ക് പകരം അയാളുടെ വീട്ടിൽ വെച്ച് ആദ്യമായി നടത്താൻ തുടങ്ങിയത്.

## ബാലഗണപത്ഷിംപി

മറ്റൊരു ബാബാഭക്തനായ ബാലഗണപത്ഷിംപിക്ക് മാറാത്ത ഒു മലമ്പനിയായിരുന്നു. പല മുരുന്നുകളും പ്രയോഗിച്ചിട്ടും ഫലമുണ്ടായില്ല. പനി മാറുന്നില്ലെന്ന് കണ്ടപ്പോൾ ബാബയുടെ അടുത്തേക്കോടി ശരണം പ്രാപിച്ചു. ബാബ ഇപ്രകാരം ഒരു അസാധാരണ ചികിത്സ പറഞ്ഞുകൊടുത്തു. ലക്ഷ്മീക്ഷേത്രത്തിനു മുന്നിൽവെച്ച് കറുത്ത നായക്ക് തൈരുകൂട്ടി ചോറ് കൊടുക്ക് ഇതെങ്ങനെ ചെയ്യണമെന്ന് ബാലന്ന് അറിഞ്ഞില്ല. വീട്ടിൽ ചെന്നപ്പോൾ ചോറും തൈരും കണ്ടു. അതു ചേർത്തു കുഴച്ചു ലക്ഷ്മീക്ഷേത്രത്തിലേക്കു പോയി. അവിടെ അതാ കറുത്ത ഒരു നായ വാലാട്ടി നില്ക്കുന്നു . ചോറും തൈരും നായക്ക് വെച്ചു കൊടുത്തു. നായ അത് തിന്നതോടുകൂടി, അതിശയകരമാംവണ്ണം മലമ്പനി മാറുകയും ചെയ്തു.

## ബാപ്പുസാഹെബ് ഭൂട്ടി

ശ്രീമാൻ ഭൂട്ടിക്ക് ഒരുദിവസം വയറിളക്കവും ഛർദിയും പിടിപെട്ടു. അയാളുടെ അലമാറ നിറയെയുണ്ടായിരുന്ന മരുന്നുകൊണ്ടൊന്നുംഗുണം കിട്ടിയില്ല. വയറിളകിയും ഛർദിച്ചും തളർന്ന് ബാബാദർശനത്തിനുപോലും പോവാൻ കഴിയാതെയായി. ബാബ അയാളെ ആളയച്ചുവരുത്തി മുന്നിലിരുത്തി. ഇങ്ങിനെ പറഞ്ഞു. സൂക്ഷിച്ചോ ഇനി വയറിളകരുത്. പിന്നെ ചൂണ്ടുവിരൽ ആട്ടി

കൊണ്ടു പറഞ്ഞു. ഛർദി നിൽക്കട്ടെ അതോടുകൂടി ഭൂട്ടിക്ക് സുഖ മായി. ബാബയുടെ ആജ്ഞാശക്തി നോക്കുക! മറ്റൊരിക്കൽ അയാൾക്ക് കോളറ പിടിപ്പെട്ടു. കഠിനമായ ദാഹം അനുഭവ പ്പെട്ടു. ഡോക്ടർ പിള്ള പലതും ശ്രമിച്ചിട്ടും ഒരു ശമനവും കിട്ടി യില്ല അപ്പോൾ ബാബയെ സമീപിച്ച് എന്ത് മരുന്ന് കൊടുത്താ ലാണ് സുഖപ്പെടുക എന്ന് ചോദിച്ചു. ബാബ പറഞ്ഞു നാരങ്ങ, അണ്ടിപ്പരിപ്പ്, കാരക്ക ഇവ പഞ്ചസാര ചേർത്ത് പാലിൽ കഴി ക്കട്ടെ എന്ന്. ഇത് സാധാരണഗതിയിൽ രോഗം വർദ്ധിപ്പിച്ച് രോഗി യുടെ മരണത്തിനിടയാക്കുന്ന സാധനങ്ങളാണ്. ഒരു ഡോക്ടറും അത് സമ്മതിക്കില്ല. പക്ഷെ ബാബയുടെ കല്പന അനുസരിച്ച് ആ മരുന്ന് കൊടുക്കുകയും രോഗം അതോടെ മാറുകയും ചെയ്തു.

## ആലന്ദി സ്വാമി

ആലന്ദിയിൽനിന്ന് ഒരു സ്വാമി ബാബയെ ദർശിക്കാൻ വന്നു. അയാൾക്ക് അതിയായ ചെവിക്കുത്തുകാരണം തീരെ ഉറക്കം കിട്ടില്ലായിരുന്നു. ഒരു ഓപ്പറേഷൻ കഴിച്ചിട്ടും സുഖമാ യില്ല. അസാദ്ധ്യ വേദനകൊണ്ട് എന്തുചെയ്യണമെന്നറിയാതെ യായി. അയാൾ പോവാൻ യാത്രാനുമതി ചോദിക്കാൻ ബാബ യുടെ അടുക്കൽ വന്നപ്പോൾ ശാമ ബാബയോട് സ്വാമിയുടെ ചെവിക്കുത്തിന് എന്തെങ്കിലും ഒരു പരിഹാരം ചെയ്തു കൊടു ക്കണമെന്നപേക്ഷിച്ചു. ബാബ സമാധാനിപ്പിച്ച് പറഞ്ഞു. അള്ളാ അച്ഛാ കരേഗ (ഭഗവാൻ നല്ലതു വരുത്തും) എന്ന്. സ്വാമി പൂനക്ക് മടങ്ങി, ഷിർദ്ദിയിലെക്കെഴുതി, ചെവിക്കുത്തു മാറി പക്ഷെ വീർപ്പു മാത്രം ഉണ്ടായിരുന്നു. പിന്നെ ഓപ്പറേഷനുവേണ്ടി കുറച്ചു ദിവസം കഴിഞ്ഞ് ഡോക്ടറെ കാണിച്ചപ്പോൾ വീർപ്പുപോലും മാറിയിരിക്കുന്നു എന്ന്, ബാബയുടെ വാക്കുകളുടെ മാസ്മര ശക്തി നോക്കുക.

## കാക്കാമഹാജനി

മറ്റൊരു ഭക്തനായ കാക്കാമഹാജനിക്ക് ഡയേറിയ (വയറിളക്കം) പിടിപെട്ടു. ബാബയുടെ സേവനം മുടക്കാതിരിക്കാൻ അയാൾ മസ്ജിദിന്റെ മൂലയിൽതന്നെ ഒരു പാത്രം വെള്ളം വെച്ച് വെളിക്കുപോവാൻ തോന്നുമ്പോഴെല്ലാം പോയി, മസ്ജിദിൽ കഴിച്ചുകൂട്ടി. ബാബക്ക് എല്ലാം അറിയുന്നതുകൊണ്ട് ഉടനെ സുഖപ്പെടുത്തുമെന്ന് വിശ്വസിച്ച് അയാളൊന്നും ബാബയോട് പറഞ്ഞില്ല. മസ്ജിദിന്റെ മുന്നിലെ മുറ്റം പണി ബാബ അനുവദിച്ചിരുന്നു. പക്ഷെ പണി തുടങ്ങിയപ്പോൾ ബാബക്ക് കോപം വന്ന് ഉച്ചത്തിൽ അലറി. എല്ലാവരും പേടിച്ചോടി. കാക്കാമഹാജനിയും ഓടാൻ തുടങ്ങുമ്പോൾ ബാബ കയറിപ്പിടിച്ച് അയാളെ അവിടെയിരുത്തി. ആ കുഴപ്പത്തിൽ ആരോ അവിടെ ഒരു സഞ്ചിയിൽ കുറെ കടല ഇട്ടുപോയിരുന്നു. ബാബ ഒരു പിടി കടല എടുത്ത് തിരുമ്മി തോൽ ഊതിക്കളഞ്ഞ് കാക്കയെക്കൊണ്ട് തീറ്റിച്ചു. പുലഭ്യം ചീത്തപറയലും കടല തീറ്റലും ഒരുമിച്ച് നടന്നുകൊണ്ടിരുന്നു. ബാബയും കുറച്ചു കടല തിന്നു. കടല തിന്നുകഴിഞ്ഞപ്പോൾ തനിക്കു ദാഹിക്കുന്നു, വെള്ളം വേണമെന്നു കാക്കയോട് പറഞ്ഞു. കാക്ക ഒരു പാത്രം നിറയെ വെള്ളംകൊണ്ടുവന്നു. ബാബ കുറച്ചുകുടിച്ചു ബാക്കി കാക്കയോടു കുടിക്കാൻ പറഞ്ഞു. പിന്നെ ബാബ പറഞ്ഞു: ഇപ്പോൾ നിന്റെ വയറിളക്കം മാറി. ഇനി മുറ്റം പണി നോക്കിക്കോ അപ്പോഴേക്കും ഓടിപ്പോയവർ മടങ്ങി വന്നു. കാക്കയുടെ വയറിളക്കം മാറി. എല്ലാവരും കൂടി പണി എടുക്കാൻ തുടങ്ങി. കടലക്ക വയറിളക്കത്തിന്ന് മരുന്നാണോ? ഡോക്ടർമാരുടെ അഭിപ്രായത്തിൽ കടലക്ക സുഖക്കേടു വർദ്ധിപ്പിക്കും. മാറില്ല, ഇതിലും മറ്റു കാര്യങ്ങളെപ്പോലെ ബാബയുടെ വാക്കാണ് യഥാർത്ഥ മരുന്ന്.

## ഹർദ്ദയിലെ ദത്തോപാന്ത്

ഹർദ്ദയിലെ ദത്തോപാന്ത് എന്നൊരാൾ പതിനാലു വർഷങ്ങളോളം വയറ്റിൽവേദന അനുഭവിക്കയായിരുന്നു. ഒരു മരുന്നുകൊണ്ടും ഗുണം കിട്ടിയില്ല. ബാബ, ദർശനമാത്രയിൽ സുഖക്കേട് ഭേദമാക്കുമെന്ന് കേട്ട് അയാൾ ഷിർദ്ദിയിലേക്കോടി ബാബയുടെ കാല്ക്കൽ വീണു. ബാബ ദയാപൂർവ്വം അനുഗ്രഹിച്ചു. ബാബ തലക്ക് കൈവെച്ചനുഗ്രഹിക്കുകയും ഉധികൊടുക്കുകയും ചെയ്തപ്പോൾ അയാൾക്ക് സുഖക്കേടുമാറി. പിന്നീടൊരിക്കലും ആ സുഖക്കേടുണ്ടായില്ല.

അദ്ധ്യായാവസാനത്തിൽ മൂന്ന് സംഭവങ്ങളും കൂടി പറഞ്ഞിട്ടുണ്ട്.

1) മാധവറാവുദേശ് പാണ്ഡെക്ക് മൂലക്കുരുവായിരുന്നു. ബാബ അയാൾക്ക് സുന്നാമുഖി കഷായം കൊടുത്തു. അയാൾക്ക് സുഖമായി. രണ്ടുകൊല്ലം കഴിഞ്ഞു വീണ്ടും വന്നപ്പോൾ അയാൾ ബാബയോടു ചോദിക്കാതെ അതേ കഷായം കഴിച്ചു. അതുകൊണ്ട് സുഖക്കേട് വർദ്ധിച്ചു. എന്നിട്ട് ബാബ അനുഗ്രഹിച്ചു. സുഖക്കേട് മാറ്റി.

2) കാക്കാ മഹാജനിയുടെ അനുജൻ ഗംഗാധർപാന്ത്, വളരെക്കാലം വയറ്റിൽ വേദന അനുഭവിച്ചു. ബാബയെപ്പറ്റി കേട്ട് അയാൾ ഷിർദ്ദിയിൽ വന്ന് സുഖക്കേട് മാറ്റാൻ പ്രാർത്ഥിച്ചു. ബാബ വയർതൊട്ട് പറഞ്ഞു ദൈവം മാറ്റിത്തരും അന്നു മുതൽ വയറ്റിൽവേദന പൂർണ്ണമായും സുഖപ്പെട്ടു.

3) നാനാസാഹെബ് ചാന്ദോർക്കർക്കും ഒരിക്കൽ കഠിനമായ വയറ്റിൽ വേദനയുണ്ടായി. രാവും പകലും വിശ്രമമില്ലാതെ നരകിച്ചു. ഡോക്ടർമാർ കുത്തിവെച്ചിട്ടും സുഖം കിട്ടിയില്ല. അപ്പോൾ ബാബയെ സമീപിച്ചു. ബാബ ബുർഫി എന്ന മധുരപലഹാരം നെയ്കൂട്ടി കഴിക്കാൻ പറഞ്ഞു. ഇതുകൊണ്ട് സുഖക്കേടു മാറി.





ഈ കഥകളിൽനിന്നും യഥാർത്ഥ മരുന്ന് ബാബയുടെ വാക്കും അനുഗ്രഹവുമാണെന്നും അല്ലാതെ കഴിച്ച മരുന്നല്ലെന്നും തെളിയുന്നു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!